"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം-ന്റെ **01/03/2019**-ലെ **O.A.No.595/2016**-നമ്പർ കേസിലെ ഉത്തരവ് പാലിച്ചുകൊണ്ട്, പാലക്കാട് ജില്ലയിലെ പുതുശ്ശേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ.രേണുക-യെ ടി ഡിസ്പെൻ സറിയിൽ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ **17.06.2014** തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നേ തീയതി മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.**28/2024/AYUSH** തീയതി, തിരുവനന്തപുരം, **30-11-2024**

---

പരാമർശം:-
(1) സ.ഉ.(പി)നം.**501/2005**/ധന തീയതി **25/11/2005.**

(2) സ.ഉ.(പി)**61/2010**/ധന തീയതി **09/02/2010.**

(3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം-ന്റെ **O.A.No.595/2016** നമ്പർ കേസിന്മേലുള്ള **01/03/2019**-ലെ ഉത്തരവ്.

(4) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ **12/02/2022**-ലെ **871/EB1/2017/DH** - നമ്പർ കത്ത്.

(5) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ **23/05/2024**-ലെ **DHTVM/936/2024-EB1** - നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പുതുശ്ശേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ.രേണുകയെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ റെഗുലറൈസ് ചെയ്യണമെന്നാവശ്യപ്പെട്ട് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ **O.A.No.595/2016** നമ്പർ കേസ് ഫയൽ ചെയ്യുകയുണ്ടായി.

(2) ടി കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യണലിന്റെ പരാമർശം (3) പ്രകാരമുള്ള ഉത്തരവിൽ, പ്രസ്തുത ഡിസ്പെൻസറിയുടെ സ്വീപ്പിംഗ് ഏര്യ **129.66** ച.മീ. കൈവരിച്ച **17/06/2014** തീയതി പ്രാബല്യത്തിൽ ശ്രീമതി കെ.

രേണുകയെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തിയും, അന്നേ ദിവസം മുതലുള്ള എല്ലാ ആനുകൂല്യങ്ങളും അനുവദിക്കുന്നതിനും, 3 മാസത്തിനുള്ളിൽ വിധി നടപ്പിലാക്കുന്നതിനും ബഹു. ട്രൈബ്യൂണൽ ഉത്തരവാകുകയുണ്ടായി.

(3) ശ്രീമതി കെ. രേണുക 01/12/2022-ന് കാഷ്വൽ സ്വീപ്പറായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ ജോലിയിൽ പ്രവേശിച്ചുവെന്നും, അന്നുമുതൽ ഇന്നേവരെ കാഷ്വൽ സ്വീപ്പറായി ജോലിനോക്കി വരുന്നുണ്ടെന്നും, ടി ഡിസ്പെൻസറിയിൽ 12.03.1990-ലെ സ.ഉ.(എം.എസ്.)നം.61/90/ആ.കു.വ.-നമ്പർ ഉത്തരവ് പ്രകാരം പാർട്ട്-ടൈം-സ്വീപ്പർ തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും, ടി സ്ഥാപനത്തിന്റെ സ്വീപ്പിംഗ് ഏരിയ 94.42 ച.മീ. ആയിരുന്നുവെന്നും, തുടർന്ന് 17/06/2014-ൽ ടി സ്ഥാപനത്തിന്റെ സ്വീപ്പിംഗ് ഏരിയ 129.66 ച.മീ. ആണെന്ന് പി.ഡബ്ല്യ.ഡി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും പരാമർശം (4), (5) കത്തുകൾ പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01/03/2019-ലെ O.A.No.595/2016 നമ്പർ കേസിലെ വിധി പാലിച്ചുകൊണ്ട് പാലക്കാട് ജില്ലയിലെ പുതുശ്ശേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി കെ. രേണുക-യെ ടി ഡിസ്പെൻ സറിയിലെ പാർട്ട്-ടൈം-സ്വീപ്പർ തസ്തികയിൽ 17.06.2014 തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തിയും, അന്നേ തീയതി മുതലുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(5) അപ്രകാരം പരാമർശം-(3)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A.No.595/2016 നമ്പർ കേസിന്മേൽ 01/03/2019-ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.
3. ശ്രീമതി കെ. രേണുക, പുതുശ്ശേരി സർക്കാർ ഹോമിയോ ഡിസ്പെൻസറി, പാലക്കാട് (ഹോമിയോപ്പതി വകുപ്പ് മേധാവി മുഖാന്തിരം)
4. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

6. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (31/08/2024-ലെ 1191928/HLT-B2/63/2019-FIN - നമ്പർ കുറിപ്പ് പ്രകാരം)
7. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. പൊതുഭരണ (എസ്.സി.) വകുപ്പ്.
9. കരുതൽ ശേഖരം/ഓഫീസ് പകർപ്പ് (AYU-C2/45/2022-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 30-11-2024 14:37:07

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

1. ബഹു. ആരോഗ്യവും, വനിതാ-ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ആയുഷ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. ആയുഷ് വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.